ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശ സ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : vig.pdlsgd@kerala.gov.in
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

LSGD/PD/12625/2023-VIGA6 തീയതി: 30-01-2025

## അനൗദ്യോഗിക കുറിപ്പ്

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ്.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - കുത്തിയതോട് സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. സർക്കാരിന്റെ 03/03/2023 തീയതിയിലെ ഇയു4/94/2023/തസ്വഭവ നമ്പർ കത്ത്.
2. ഈ കാര്യാലയത്തിൽ നിന്നുമുള്ള 08/03/2023 തീയതിയിലെ ഇതേ നമ്പർ കത്ത്.
3. സർക്കാരിന്റെ 06/01/2025 തീയതിയിലെ ഇയു4/94/2023/തസ്വഭവ നമ്പർ കത്ത്.
4. ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 24/01/2025 തീയതിയിലെ LSGD/JD/ALP/7516/2024-J3 നമ്പർ കത്ത്.

'ഓപ്പറേഷൻ സത്യ ഉജാല' എന്ന പേരിൽ ആലപ്പുഴ ജില്ലയിലെ കുത്തിയതോട് സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് അപാകത - 9 ന് ഉത്തരവാദികളായ S0-2 (ശ്രീ.നാസറുദ്ദീൻ പി.എൻ), S0-3 (ശ്രീ.അരുൺ വർഗ്ഗീസ്) എന്നിവർക്കെതിരെ റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് കൊല്ലം മുഖേന വിശദീകരണം വാങ്ങി ഉചിതമായ വകുപ്പ്തല നടപടി സ്വീകരിക്കുന്നതിന് സർക്കാർ സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ആലപ്പുഴ ജില്ല ജോയിന്റ് ഡയറക്ടറെ സൂചന (2) പ്രകാരം

ച്ചമതലപ്പെട്ടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ നടപടി സ്വീകരിച്ച് സൂചന (4) പ്രകാരം ലഭ്യമാക്കിയ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് നൽകുന്നു.

Signed by
Ajith S
Date: 30-01-2025 11:48:59

AJITH. S
SENIOR SUPERINTENDENT

സിസ്റ്റം മാനേജർ, IT സെൽ

ആലപ്പുഴ തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടർ & രജിസ്റ്ററിംഗ് അധികാരിയുടെ നടപടിക്രമം

(ഹാജർ: അലക്സ്.സി)

സംഗ്രഹം :- തദ്ദേശസ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ല- കത്തിയതോട് സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ചട്ടവിരുദ്ധമായി വാല്യുവേഷൻ കണക്കാക്കി സമർപ്പിച്ച് സർക്കാരിന് നഷ്ടം വരുത്തിയത് രജിസ്റ്റേഡ് എൻജിനീയർമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്-

പരാമർശം:- 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11 /11/2022 തീയതിയിലെ E6-(SC 48/2021/ALP) 36366/2022 നമ്പർ കത്ത് & റിപ്പോർട്ട്.

2) ബഹു.സർക്കാരിൽ നിന്നുള്ള 03/03/2023 തീയതിയിലെ ഇയു4/94 /2023- ത.സ്വ.ഭ.വ കത്ത്.

3) ബഹു.പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്നുള്ള 08/03/2023 തീയതിയിലെ LSGD/PD/12625/2023-VIGA6 നമ്പർ കത്ത്.

4) രജിസ്റ്റേഡ് എൻജിനീയർമാരായ ശ്രീ.നസ്സറുദ്ദീൻ പി.എൻ. E-12087/19/EA-4786/KLM), ശ്രീ.അരുൺ വർഗ്ഗീസ് (E-6450/16/EA-1709/KLM) എന്നിവർക്ക് 13/11/2024 തീയതിൽ നൽകിയ ഷോക്കോസ് നോട്ടീസ്.

5) രജിസ്റ്റേഡ് എൻജിനീയർമാരായ ശ്രീ.നസ്സറുദ്ദീൻ പി.എൻ. E-12087/19/EA-4786/KLM), ശ്രീ.അരുൺ വർഗ്ഗീസ് (E-6450/16/EA-1709/KLM) എന്നിവർ സമർപ്പിച്ച മറുപടികൾ

**<u>ഉത്തരവ് നമ്പർ: LSGD/JD/ALP/7516/2024-J3 തീയതി:24-01-2025</u>**

സംസ്ഥാനത്തെ സബ്ബ് രജിസ്ട്രാർ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധന "ഓപ്പറേഷൻ സത്യ ഉജാല " യുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ കത്തിയതോട് സബ്ബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ പരിശോധനയിൽ കെട്ടിടങ്ങളുടെ മൂല്യം കറച്ചുനിശ്ചയിക്കുക വഴി സർക്കാരിന് നഷ്ടമുണ്ടാക്കുകയും ആയതിന് കാരണക്കാരായ മൂല്യം നിശ്ചയിച്ച രജിസ്റ്റേഡ് എൻജിനീയറിൽ നിന്നും വിശദീകരണം ലഭ്യമാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തുകൊണ്ട് പരാമർശം(1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് ബഹു . സർക്കാർ പരാമർശം(2) പ്രകാരം അംഗീകരിച്ച് തുടർനടപടികൾക്കായി നിർദ്ദേശിച്ചിട്ടുള്ളതാകുന്നു.

ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം(3) കത്ത് പ്രകാരം അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക-IX ശുപാർശ 2 ലെ നിർദ്ദേശാനുസരണം തുടർനടപടികളുടെ ഭാഗമായി വിജിലൻസ് &

ആന്റി കറപ്ഷൻ ബ്യൂറോ കത്തിയതോട് സബ്ബ് രജിസ്ട്രാർ ഓഫീസിലെ 03 ഡോക്യുമെന്റുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിൽ കെട്ടിടത്തിന്റെ മൂല്യം കുറച്ചുകാണിച്ച രജിസ്റ്റേഡ് എൻജിനീയർമാരായ ശ്രീ.നസ്സറുദ്ദീൻ പി.എൻ (E-12087/19/EA-4786/KLM), ശ്രീ.അരുൺ വർഗ്ഗീസ് (E-6450/16/EA-1709/KLM) എന്നിവർക്കെതിരെയുള്ള കണ്ടെത്തലുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഡോക്കുമെന്റ് നമ്പർ | വാല്യൂഷൻ നൽകിയ ആൾ | രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ വിസ്തീർണ്ണം | രേഖപ്പെടുത്തിയ തുക | പരിശോധനയിൽ കണ്ടെത്തിയ വിസ്തീർണ്ണം | പരിശോധനയിൽ കണ്ടെത്തിയ തുക | തുകയിലുള്ള വ്യത്യാസം |
|---|---|---|---|---|---|---|
| 1501/1/2021 | ശ്രീ.നസ്സറുദ്ദീൻ.പി.എൻ- രജിസ്റ്റേഡ് എൻജിനീയർ | 530 .sq.Feet | 7,90,000 | 565.54 sq.Feet | 8,43,328 | 53,328 |
| 1549/1/21 | | 500 sq.Feet | 2,49,500 | 577.27 sq.Feet | 2,87,775 | 38,275 |
| 1519/5/2021 | ശ്രീ.അരുൺ വർഗ്ഗീസ്- രജിസ്റ്റേഡ് എൻജിനീയർ | 939 sq.Feet | 1,23,948 | 1455.51 sq.Feet | 1,28,502 | 4,554 |

മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 ലെ ചട്ടം 150 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ആർക്കിടെക്ട്/എൻജിനീയർ ലൈസൻസികൾക്ക് വാല്യൂഷനുള്ള അധികാരം നൽകിയിട്ടുള്ളതാകുന്നു. കെട്ടിടങ്ങളുടെ വാല്യൂഷൻ കുറച്ചുകാണിക്കുക വഴി മേൽപ്രകാരമുള്ള തുകയുടെ വ്യത്യാസം മൂലം ബഹു.സർക്കാരിന് ലഭിക്കേണ്ടതായ തുകയിൽ കുറവുവന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് ബഹു.സർക്കാർ നൽകിയിട്ടുള്ള അധികാരം ദുരുപയോഗം ചെയ്യുകയും തൻമൂലം പൊതുഖജനാവിൽ നഷ്ടമുണ്ടാകുകയും ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ആയതിനെതുടർന്ന് ശ്രീ.നസ്സറുദീൻ പി.എൻ(E-12087/19/EA-4786/KLM), ശ്രീ .അരുൺ വർഗ്ഗീസ് (E-6450/16/EA-1709/KLM) എന്നിവർക്ക് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനെ തുടർന്ന് ടിയാളുകൾ പരാമർശം(5) പ്രകാരം സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാകുന്നു. ആയതിനാൽ കെ.എം.ബി.ആർ 2019 ചട്ടം 18(11) പ്രകാരം ശ്രീ.നസ്സറുദീൻ.പി.എൻ(E-12087/19/EA-4786/KLM), ശ്രീ.അരുൺ വർഗ്ഗീസ് (E-6450/16/EA-1709/KLM) എന്നിവരുടെ രജിസ്ട്രേഷൻ ഇന്ന് (24-01-2025) **മുതൽ ഒരു വർഷക്കാലത്തേയ്ക്ക് സസ്പെന്റ് ചെയ്ത് കൊണ്ടും ടി രജിസ്ട്രേഷൻ പ്രകാരം ലഭിച്ചിരുന്ന മുഴുവൻ അധികാരങ്ങളും ഒരു വർഷക്കാലത്തേയ്ക്ക് മരവിപ്പിച്ചുകൊണ്ടും ടിയാളുകൾക്കെതിരെയുള്ള അച്ചടക്കനടപടികൾ തീർപ്പാക്കിയും ടി വിവരങ്ങൾ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിൽ രേഖപ്പെടുത്തുന്നതിനായി ഈ ഉത്തരവ് കൈപ്പറ്റി 07 ദിവസത്തിനകം അസ്സൽ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണെന്നുള്ള നിർദ്ദേശം**

ശ്രീ.നസ്സറുദീൻ പി.എൻ (E-12087/19/EA-4786/KLM), ശ്രീ.അരുൺ വർഗ്ഗീസ് (E-6450/16/EA-1709/KLM) എന്നിവർക്ക് നൽകികൊണ്ടും ശ്രീ.നസ്സറുദീൻ പി.എൻ, ശ്രീ.അരുൺ വർഗ്ഗീസ് എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

ALEX C

DEPUTY DIRECTOR

Signed by

Alex C

Date: 24-01-2025 13:04:49

പകർപ്പ്: 1) ബഹു.പ്രിൻസിപ്പൽ ഡയറക്ടർ, [illegible] വിഭാഗം, തിരുവനന്തപുരം( ആമുഖ കത്ത് സഹിതം, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

2) ശ്രീ.നസറുദ്ദീൻ പി.എൻ,
(E-12087/19/EA-4786/KLM),
S/o നജ്ജുറുദ്ദീൻ,
പുത്തൻപുരയിൽ വീട്,
കത്തിയതോട് പി.ഒ,
ആലപ്പുഴ ,ഫോൺ-9645603545

3) ശ്രീ. അരുൺ വർഗ്ഗീസ്,
(E-6450/16/EA-1709/KLM)
S/o വർഗ്ഗീസ്,
കൺമത്കളം വീട്,
കത്തിയതോട്,
കോടംതുരുത്ത്,
ആലപ്പുഴ-688534

4) ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും

5) എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

6) കരുതൽ ഫയൽ